2. എരുമം-കുറ്റൂർ ശുദ്ധജലവിതരണ പദ്ധതി ഫേസ്-1

22-12-2012-ൽ ഭരണാനുമതിയും 20-2-2013-ൽ സാങ്കേതികാനുമതിയും ലഭിച്ചു. (എസ്റ്റിമേറ്റ് തുക 900 ലക്ഷം) പുതുക്കിയ നിരക്കിലുള്ള (എസ്.ഒ.ആർ. 2012) എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പുത്തൂർ കുടിവെള്ള പദ്ധതിക്ക് (കരിവെള്ളൂർ-പെരളം പഞ്ചായത്ത്) വേണ്ടി എം.എൽ.എ.-യുടെ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

### പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ

167 (2454) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ജലസേചന വിഭാഗത്തിൽ നിലവിൽ അംഗീകാരം ലഭിച്ച് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും പ്രവൃത്തി ആരംഭിക്കാത്തതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിഭാഗത്തിൽ സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളും അവയുടെ നിലവിലുള്ള അവസ്ഥയും വിശദമാക്കുമോ ?

ഉത്തരം

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ജലസേചന വിഭാഗം ഇറിഗേഷൻ ഡിവിഷൻ തലശ്ശേരിയുടെ കീഴിൽ ഏഴിമല നാവിക അക്കാഡമിയുമായി ബന്ധപ്പെട്ട് കവ്വായി കായലിന്റെ കര സംരക്ഷണ പ്രവൃത്തികൾക്കുള്ള ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് 52000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഭരണാനുമതി നൽകിയ മറ്റു പ്രവൃത്തികൾ ഒന്നുംനിലവിലില്ല.

(ബി) പ്രസ്തുത വിഭാഗത്തിൽ സമർപ്പിക്കപ്പെട്ട പ്രൊപ്പോസലുകളും അവയുടെ നിലവിലുള്ള അവസ്ഥയും അനുബന്ധമായി ചേർക്കുന്നു.*

### ചെങ്ങന്നൂർ മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പ്രവൃത്തികളുടെ വിവരം

168 (2455) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-11, 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ്, കേരള വാട്ടർ അതോറിറ്റി എന്നിവ മുഖേന നടപ്പിലാക്കിയതും അനുമതി നൽകിയിട്ടുള്ളതുമായ പ്രവൃത്തികൾ ഏതെല്ലാമെന്ന് മുനിസിപ്പാലിറ്റി, പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക, ചെലവാക്കിയ തുക, പൂർത്തീകരിച്ച പ്രവൃത്തികൾ എന്നിവ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, സാമ്പത്തിക വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ ഏജൻസികൾ വഴിയാണ് നിർവ്വഹിച്ചതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഏജൻസികളുടെ വിശദാംശങ്ങൾ ഫോൺ നമ്പർ സഹിതം വിശദമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തികളിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)- 2010-11, 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പ് നടത്തിയ പദ്ധതികളും വിശദാംശങ്ങളും മേജർ ഇറിഗേഷൻ പദ്ധതികൾ അനുബന്ധം-I-ലും, മൈനർ ഇറിഗേഷൻ പദ്ധതികൾ അനുബന്ധം-II-ലും ചേർത്തിരിക്കുന്നു.*

ചീഫ് എഞ്ചിനീയർ, പ്രോജക്ട്-2-2010-11, 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ചെങ്ങന്നൂർ നിയോജകണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, സാമ്പത്തിക വർഷം തിരിച്ച് തയ്യാറാക്കിയ പട്ടിക അനുബന്ധം-III-ൽ ചേർത്തിരിക്കുന്നു.*

കേരള വാട്ടർ അതോറിറ്റി - 2010-11,2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, സാമ്പത്തിക വർഷം തിരിച്ച് തയ്യാറാക്കിയ പട്ടിക അനുബന്ധം-IV-ൽ ചേർത്തിരിക്കുന്നു.*

ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ് - 2010-11,2011-12,2012-13 സാമ്പത്തിക വർഷങ്ങളിൽ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം-V-ൽ ചേർത്തിരിക്കുന്നു.*

(ബി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)- ആർ.എം.എഫ് ഉപയോഗിച്ചിട്ടുള്ള പ്രവൃത്തികൾ ഗുണഭോക്തൃ സമിതി കൺവീനർ മുഖാന്തിരവും ബാക്കിയുള്ള പദ്ധതികൾ എല്ലാം അംഗീകൃത കോൺട്രാക്ടർമാർ മുഖേനയുമാണ് നടത്തുന്നത്.

ചീഫ് എഞ്ചിനീയർ, പ്രോജക്ട്-2-പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക, ചെലവാക്കിയ തുക, പൂർത്തീകരിച്ച പ്രവൃത്തികൾ എന്നിവ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, സാമ്പത്തിക വർഷം തിരിച്ച് അനുബന്ധം-III-ൽ ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റി- പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക, ചെലവാക്കിയ തുക, പൂർത്തീകരിച്ച പ്രവൃത്തികൾ എന്നിവ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, സാമ്പത്തികവർഷം തിരിച്ച് അനുബന്ധം-IV-ൽ ചേർത്തിരിക്കുന്നു.*

ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്- പ്രസ്തുത പ്രവൃത്തികൾക്ക് ഓരോന്നിനും അനുവദിച്ച തുക, ചെലവാക്കിയ തുക, പൂർത്തീകരിച്ച പ്രവൃത്തികൾ എന്നിവ പഞ്ചായത്ത്, മുൻസിപ്പാലിറ്റി, സാമ്പത്തിക വർഷം തിരിച്ച് അനുബന്ധം-V-ൽ ചേർത്തിരിക്കുന്നു.*

(സി) ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) - പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത കോൺട്രാക്ടർ/ഏജൻസി എന്നിവരുടെ വിവരങ്ങളും പ്രസ്തുത പദ്ധതികളുടെ പുരോഗതിയും അനുബന്ധം I & II-ൽ ചേർത്തിരിക്കുന്നു.*

ചീഫ് എഞ്ചിനീയർ, പ്രോജക്റ്റ്-2-പ്രസ്തുത പ്രവൃത്തികൾ അനുബന്ധം-III-ൽ ചേർത്തിരിക്കുന്ന ഏജൻസികൾ വഴിയാണ് നിർവ്വഹിച്ചത്.

കേരള വാട്ടർ അതോറിറ്റി-വാട്ടർ അതോറിറ്റിയിലെ അംഗീകൃത കരാറുകാർ മുഖേനയാണ് നിർവ്വഹിച്ചത്.

ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ് - രജിസ്ട്രേഷനുള്ള കോൺട്രാക്ടർമാരാണ് പ്രസ്തുത പ്രവൃത്തികൾ നിർവ്വഹിക്കുന്നത്.

(ഡി) കേരള വാട്ടർ അതോറിറ്റി-പ്രസ്തുത ഏജൻസികളുടെ ഫോൺ നമ്പറുകൾ ചുവടെ ചേർക്കുന്നു :

1. Siby Jacob - 9447946470
2. Rajendran Pillai - 9447249703
3. P. R. Selvan - 9846540893
4. K. P. Jyothi - 9447659059

ചീഫ് എഞ്ചിനീയർ, പ്രോജക്റ്റ്-2 പ്രസ്തുത ഏജൻസികളുടെ വിശദാംശങ്ങൾ അനുബന്ധം—III-ൽ ചേർത്തിരിക്കുന്നു.*

ചീഫ് എൻജിനീയർ, കുട്ടനാട് പാക്കേജ്-പ്രസ്തുത ഏജൻസികളുടെ വിശദാംശങ്ങൾ അനുബന്ധം V-ൽ ചേർത്തിരിക്കുന്നു.*

(ഇ) കേരള വാട്ടർ അതോറിറ്റി - നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം VI-ൽ കൊടുത്തിരിക്കുന്നു.*

ചീഫ് എഞ്ചിനീയർ, പ്രോജക്റ്റ്-2-പ്രസ്തുത പ്രവൃത്തികളിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.*

ചീഫ് എഞ്ചിനീയർ, കുട്ടനാട് പാക്കേജ്-പ്രസ്തുത പ്രവൃത്തികളിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന പ്രവൃത്തികൾ അനുബന്ധം-V-ൽ ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly